പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011–2014)

## മൂന്നാമത് റിപ്പോർട്ട്

(2013 മാർച്ച് മാസം 21-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011–2014)

## മൂന്നാമത് റിപ്പോർട്ട്

(2013 മാർച്ച് മാസം 21-ാം തീയതി സമർപ്പിച്ചത്)

(സംസ്ഥാനത്തെ ആദിവാസി പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര പുരോഗതിയെ സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ ഉപ്പുതറ പഞ്ചായത്തിലെ ആദിവാസി-പട്ടികവർഗ്ഗ കോളനികളെ സംബന്ധിച്ച്)

640/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 10 |
| അനുബന്ധം II | .. | 13 |

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി (2011-14)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അജിത്
,, ഐ. സി. ബാലകൃഷ്ണൻ
,, കോവൂർ കുഞ്ഞുമോൻ
,, പുരുഷൻ കടലുണ്ടി
,, സി. കെ. സദാശിവൻ
,, എൻ. ഷംസുദ്ദീൻ
,, വി. ശശി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, പി. ജി. നിർമ്മൽ കുമാർ രാജു, അഡീഷണൽ സെക്രട്ടറി
,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
,, റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിവിധ മേഖലകളിലെ സമഗ്ര പുരോഗതി സർക്കാരിന്റെ മുഖ്യ അജണ്ടയിൽപ്പെട്ട ഒന്നാണ്. ഇതിനായി കോടിക്കണക്കിന് രൂപ ഗവൺമെന്റ് ചെലവഴിക്കുന്നുണ്ടെങ്കിലും ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി തീരുമാനിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന രണ്ടാമത്തെ ജില്ലയായ ഇടുക്കി സന്ദർശിക്കുകയും ചെയ്തു. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഉപ്പുതറ പഞ്ചായത്തിലെ രണ്ട്, മൂന്ന് വാർഡുകളിലെ മുല്ല, കണ്ണംപടി, മേമാരി എന്നീ പട്ടികവർഗ്ഗ കോളനികളിൽ സന്ദർശനം നടത്തുകയും സന്ദർശനത്തിനുമുമ്പായി പീരുമേട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ യോഗം ചേർന്ന് ടി പഞ്ചായത്തിലെ 13 ആദിവാസി കോളനികളെ സംബന്ധിച്ചും അവിടങ്ങളിൽ നടപ്പിലാക്കി വരുന്ന വിവിധ വികസന ക്ഷേമപദ്ധതികളെക്കുറിച്ചും ബന്ധപ്പെട്ട റവന്യൂ, തദ്ദേശ സ്വയംഭരണം, ജലവിഭവം, വനം-വന്യജീവി, ആരോഗ്യ കുടുംബക്ഷേമം, ഭക്ഷ്യപൊതുവിതരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അടിയന്തരശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2013 ഫെബ്രുവരി 28-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2013 മാർച്ച് 21.

# റിപ്പോർട്ട്

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര പുരോഗതിക്കായി സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ഓരോ വർഷവും കോടിക്കണക്കിന് രൂപയാണ് ബജറ്റിൽ വക കൊള്ളിച്ചു ചെലവഴിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ ഇപ്പോഴും പ്രസ്തുത വിഭാഗത്തിനു ഇന്നും ഗവൺമെന്റ് ലക്ഷ്യംവച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. സർക്കാർ അനുവദിച്ചു നല്കുന്ന ആനുകൂല്യങ്ങൾ യഥാസമയം പ്രസ്തുത വിഭാഗങ്ങൾക്കു ലഭിക്കുന്നില്ലെന്നു സമിതി കരുതുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന രണ്ടാമത്തെ ജില്ലയായ ഇടുക്കിയിൽ സന്ദർശനം നടത്തുകയും ചെയ്തു. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഉപ്പുതറ പഞ്ചായത്തിലെ രണ്ട്, മൂന്ന് വാർഡുകളിൽ താമസിക്കുന്നവരും പ്രധാന ടൗണിൽ നിന്നും വനത്തിനുള്ളിൽ ഏകദേശം 15 കിലോമീറ്ററിലധികം ദൂരത്തായി താമസിക്കുന്ന ആദിവാസികളുടെ കോളനികളിലാണ് 2012 ജനുവരി 3-ാം തീയതി സമിതി സന്ദർശനം നടത്തിയത്. അന്നേദിവസം സന്ദർശനത്തിനു മുമ്പായി സമിതി രാവിലെ 10 മണിക്ക് പീരുമേട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ യോഗം ചേർന്ന് ടി കോളനികളെ സംബന്ധിച്ചും അവിടങ്ങളിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചും ബന്ധപ്പെട്ട റവന്യൂ, തദ്ദേശ സ്വയംഭരണം, ജലവിഭവം, വനം-വന്യജീവി, ആരോഗ്യകുടുംബക്ഷേമം, ഭക്ഷ്യ-പൊതുവിതരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരുമായും സമിതി വിശദമായ ചർച്ച നടത്തി. തുടർന്ന് ടി കോളനികൾ (ഏകദേശം 13 കോളനികൾ) സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. ആദ്യമായി മുല്ല ആദിവാസി കോളനിയിലും തുടർന്ന് കണ്ണംപടി ആദിവാസി കോളനിയിലും അവിടെ നിന്നും വനമേഖലയിൽ ഏകദേശം 12 കി.മീ. ഉള്ളിലായി 'മേമാരി' എന്ന പട്ടികവർഗ്ഗ കോളനിയിലും സന്ദർശനം നടത്തി. ടി സ്ഥലങ്ങൾ സന്ദർശിച്ചതിൽ നിന്നും സമിതിക്ക് ബോധ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അടിയന്തരശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലേക്കാണ് ഈ റിപ്പോർട്ട്.

2. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന ജില്ലകളിൽ ഇടുക്കി ജില്ലയ്ക്കാണ് രണ്ടാംസ്ഥാനം. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിൽ 15.66 ശതമാനം പേരും ഇടുക്കി ജില്ലയിലാണ് അധിവസിക്കുന്നത്. ജില്ലയിലുള്ള പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിൽ പ്രധാനമായും മലഅരയൻ, ഉള്ളാടൻ, മന്നാൻ, മുതുവാൻ, മലപുലയ, ഊരാളി, പളിയൻ, മലവേടൻ എന്നിവയാണ്. പീരുമേട് താലൂക്കിൽ ഏതാനും മലമ്പണ്ടാരം കുടുംബങ്ങളും ഉണ്ട്. ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിലായി 328 ട്രൈബൽ സെറ്റിൽമെന്റുകളിലായി 50973 പട്ടികവർഗ്ഗക്കാർ താമസിക്കുന്നുണ്ട്. പുരുഷന്മാർ 25510, സ്ത്രീകൾ 25463 ആണ്. ആയത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 4.51 ശതമാനമാണ്.

## മുല്ല പട്ടികവർഗ്ഗ കോളനി

3. പീരുമേട് താലൂക്കിൽ ഉപ്പുതറ വില്ലേജിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ രണ്ട്, മൂന്ന് വാർഡുകളിലായാണ് മുല്ല പട്ടികവർഗ്ഗകോളനി ഉൾപ്പെടുന്ന 13 പട്ടികവർഗ്ഗ കോളനികൾ സ്ഥിതിചെയ്യുന്നത്. ടി കോളനികളിലായി 636 കുടുംബങ്ങളാണുള്ളത്. മൊത്തം ജനസംഖ്യ 2742. ഭൂരിപക്ഷം കുടുംബങ്ങളും ഊരാളി വിഭാഗത്തിൽപ്പെട്ട വരാണ്. മലഅരയ, ഉള്ളാട എന്നീ വിഭാഗങ്ങളും ഉണ്ട്. മുല്ല പട്ടികവർഗ്ഗ കോളനി യിൽ ഊരാളി, ഉള്ളാട വിഭാഗത്തിൽപ്പെടുന്ന 70 കുടുംബങ്ങളാണുള്ളത്. 1968-ൽ ഇടുക്കി ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വൻമാവിന് സമീപമുള്ള മെമ്പർകവലയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട 40 കുടുംബങ്ങളാണ് ഈ കോളനിയുടെ ആരംഭത്തിലുണ്ടായിരുന്നത്. ഊരാളി വിഭാഗത്തിൽ 66-ഉം ഉള്ളാട വിഭാഗത്തിൽ 216-ഉം ഉൾപ്പെടെ ആകെ 282 ആണ് മുല്ല പട്ടികവർഗ്ഗകോളനിയിലെ ജനസംഖ്യ. ഇടുക്കി വന്യജീവി സങ്കേതത്തിന്റെ ഭാഗമായ ഈ വനമേഖലയിലെ കുടുംബങ്ങൾക്ക് തങ്ങളുടെ കൈവശഭൂമിക്കുള്ള ആധികാര രേഖയെന്നത് സർക്കാർ നല്കുന്ന വനാവകാശരേഖയാണ്. മുല്ല കോളനിയിലെ 8 കുടുംബങ്ങൾക്ക് വനാവകാശരേഖ നല്കിയിട്ടില്ല. 14 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളില്ല. ഈ മേഖലയിലുള്ള കോളനികൾക്ക് വനാവകാശരേഖകൾ നല്കുന്നതുമായി ബന്ധപ്പെട്ട് 5 വനാവകാശ നിർണ്ണയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മേമാരി, പുന്നപാറ, തേക്കുതോട്ടം, കണ്ണമ്പടി, കിഴുകാനം എന്നീ കോളനികൾ കേന്ദ്രീകരിച്ചാണ് അവ പ്രവർത്തിക്കുന്നത്. മുല്ല ഉൾപ്പെടുന്ന 13 കോളനികളിൽ നിന്നും പ്രധാനപ്പെട്ട ഏതു സ്ഥലത്തേക്കും പോകുന്നതിനുള്ള ഏകമാർഗ്ഗം മേമാരി എന്ന പട്ടികവർഗ്ഗ കോളനി യിൽ നിന്നും ആരംഭിച്ച് കണ്ണമ്പടി, കിഴുകാനം, മത്തായിപ്പാറ വഴി ഉപ്പുതറയിൽ എത്തിച്ചേരുന്ന ഒരു റോഡാണ്. വന്യമൃഗസങ്കേതമായ വനത്തിനകത്തുകൂടിയുള്ള ഈ റോഡ് വനംവകുപ്പിന്റെ നിയമപ്രകാരം ടാർ ചെയ്യാൻ കഴിയുന്നതല്ല. തന്മൂലം പൊതുവെ റോഡ് എല്ലായിടത്തും സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. വനം വകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി തീരുമാന മെടുത്ത് നടപടികൾ കൈക്കൊണ്ടാൽ മാത്രമേ പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കാൻ കഴിയുകയുള്ളു. ഉൾവനത്തിൽ വളരെ അകലെയായി കിടക്കുന്ന മേമാരി എന്ന പട്ടികവർഗ്ഗ കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല. കുടിവെള്ള സൗകര്യം എല്ലാ കോളനികളിലും എത്തിയിട്ടില്ല. 13 കോളനികളിൽ എട്ടുകോളനി കളിൽ മാത്രമാണ് ഓരോ അംഗൻവാടി വീതം ഉള്ളത്. ഈ ആദിവാസി മേഖലയിൽ ആകെയുള്ളത് കണ്ണമ്പടിയിലുള്ള ഒരു ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളാണ്. ഇവിടെ സ്ഥിരമായി അധ്യാപകർ ഇല്ലാത്ത അവസ്ഥയാണുള്ളത്. ടി സ്കൂളിൽ വേനൽക്കാലമായാൽ കുടിവെള്ളം കിട്ടുക ബുദ്ധിമുട്ടാണ്. ഒരു ഏകാദ്ധ്യാപക വിദ്യാലയം മേമാരിയിൽ പ്രവർത്തിക്കുന്നുണ്ട്. ടി മേഖലയിലെ കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് വളരെ ദൂരെയുള്ള ടൗണുകളിലുള്ള സ്കൂളുകളിൽ വേണം പോകേണ്ടത്. ഇവിടെ മിക്കയിടത്തും ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതുകാരണം തുടർവിദ്യാഭ്യാസം ലഭിക്കാതെ ഇടയ്ക്കുവെച്ച് മിക്കവരും പഠനം അവസാനിപ്പിക്കുന്നു.

4. ഈ മേഖലയ്ക്ക് അടുത്തുള്ള പി.എച്ച്. സെന്റർ 15 കിലോമീറ്റർ അകലെയുള്ള ഉപ്പുതറയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും എല്ലാ വ്യാഴാഴ്ചയും ഒരു ഡോക്ടർ കണ്ണമ്പടിയിൽ എത്തി രോഗികളെ പരിശോധിച്ച് മരുന്നു നല്കുന്ന

രീതിയാണ് നിലവിലുള്ളത്. തന്മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സ്ഥിരമായി ഒരു ഒ.പി. ക്ലിനിക് കണ്ണമ്പടിയിൽ ആരംഭിക്കണമെന്ന് ടി കോളനിവാസികൾ ആവശ്യപ്പെട്ടിട്ടുണ്ട്.

5. പ്രധാന കൃഷി ഏലം, കാപ്പി, കുരുമുളക് എന്നിവയും കൂടാതെ കപ്പ, വാഴ മുതലായവയും കൃഷി ചെയ്തുവരുന്നു. കാട്ടുമൃഗങ്ങളുടെ ശല്യം വളരെ കുടുതലായ ഈ മേഖലയിൽ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് സ്ഥാപിച്ച വൈദ്യുത കമ്പിവേലികളാണ് നിലവിലുള്ളത്. അവ മിക്കപ്പോഴും ഫലപ്രദമാകാറില്ല. ആയതിന് ഒരു പരിഹാരമായിട്ടുള്ളത് താമസസ്ഥലത്തിനു ചുറ്റും കിടങ്ങ് കുഴിക്കുക എന്നുള്ളതാണ്. മേമാരി എന്ന സ്ഥലത്ത് ഫോൺ സൗകര്യമില്ല. മൊബൈൽ കവറേജ് ഇല്ലാത്തതുമൂലം മൊബൈൽ ഫോണും ഉപയോഗപ്രദമാകുന്നില്ല.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജില്ലാ ആഫീസ് തൊടുപുഴയിലാണ്. ഇതിന്റെ എക്സ്റ്റൻഷൻ ആഫീസുകൾ പൂമാല, ഇടുക്കി, കട്ടപ്പന, പീരുമേട്, അടിമാലി, മറയൂർ, മൂന്നാർ എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

7. 2011-12 സാമ്പത്തികവർഷം ഈ മേഖലയിൽ ഭവനനിർമ്മാണ പദ്ധതിയല്ലാതെ മറ്റു പദ്ധതികളൊന്നും ചെയ്യുന്നില്ലെന്ന് സമിതിക്ക് വിവരം ലഭിച്ചു. ഈ സാമ്പത്തിക വർഷം ഊരുകൂട്ടം വിളിച്ചിട്ടില്ല. റ്റി.ഇ.ഒ.യുടെ നേതൃത്വത്തിലുള്ള സമിതികൾ ഓരോ വർഷവും നാലു തവണ ഊരുകൂട്ടങ്ങൾ വിളിച്ചു നടപ്പാക്കേണ്ട പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ടെന്നും കൂടാതെ പ്രോജക്ടുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തേണ്ടതുമുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ കൃത്യമായി ഊരുകൂട്ടം വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും നടപ്പാക്കേണ്ട പ്രോജക്ടുകൾ തയ്യാറാക്കി അടുത്ത സാമ്പത്തികവർഷത്തെ പദ്ധതിയിലുൾപ്പെടുത്തേണ്ടതു മാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഊരുകൂട്ടം വിളിക്കുന്നതിന് ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വൈദ്യുതീകരിക്കാത്ത വീടുകളുടെ വയറിംഗിന് T.S.P. പ്ലാൻ ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

8. അടിസ്ഥാനപരമായി പാവപ്പെട്ടവരാണ് ആദിവാസികൾ. അറിവില്ലായ്മ കൊണ്ടും ദാരിദ്ര്യം കൊണ്ടും പലരും അവരെ ചൂഷണം ചെയ്യുകയാണ്. അങ്ങനെ തെറ്റുകുറ്റങ്ങളി ലേക്ക് പോകുന്ന ആദിവാസികളെ ഊരുകൂട്ടം വിളിക്കുമ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിലെ ഉന്നത ഉദ്യോഗസ്ഥർ ടി യോഗങ്ങളിൽ പങ്കെടുത്ത് വ്യാജവാറ്റി ന്റെയും കഞ്ചാവു കൃഷിയുടെയും കാര്യങ്ങളെ സംബന്ധിച്ചും അതുമൂലമുണ്ടാകുന്ന വിപത്തുകളെ സംബന്ധിച്ചും ബോധവത്ക്കരണം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു. വന്യമൃഗസങ്കേതമായിട്ടുള്ള വളരെ ഉൾവനത്തിലെ മുല്ല ആദിവാസി കോളനിയിലും സമീപ ആദിവാസി കോളനികളിലെയും ആളുകൾക്കായി ആഴ്ചയിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമ്പോൾ അതിലേക്കാവശ്യമായ വാഹനം വിട്ടുകൊടുക്കാനുള്ള സംവിധാനം ട്രൈബൽ ഡിപ്പാർട്ടുമെന്റ് ഒരുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

9. കണ്ണമ്പടിയിൽ നിലവിലുള്ള ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുന്നത് ടി മേഖലയിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും അവരുടെ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുമെന്ന് സമിതി വിലയിരുത്തി.

10. ഓരോ കോളനിയിലെയും പ്രവർത്തനം വിലയിരുത്തുന്നതിനായി അതത് സ്ഥലത്തെ പഞ്ചായത്ത് മെമ്പർമാരെയും ഊരിലെ പ്രധാന വ്യക്തിയെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. കോളനികളിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഗവൺമെന്റ് കാലാകാലങ്ങളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം അർഹതപ്പെട്ടവർക്കു ലഭിക്കുന്നുണ്ടോ, കോളനികളുടെ വികസനത്തിനായുള്ള പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിന് ഏതെങ്കിലും ഭാഗത്തുനിന്ന് അലംഭാവം ഉണ്ടോ എന്നും മറ്റുമുള്ള കാര്യങ്ങൾ മുല്ല ആദിവാസി കോളനിയിലെ ആദിവാസികളിൽ നിന്നും സമിതി അന്വേഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പഞ്ചായത്തുകളുടെയും ബ്ലോക്കിന്റെയും ഗവൺമെന്റ് നേരിട്ടും നടത്തുന്ന പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങളും അന്വേഷിച്ചു. കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച വിഷയങ്ങൾ, ഭവനനിർമ്മാണം സംബന്ധിച്ച വിഷയങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, യാത്രാസൗകര്യങ്ങൾ മുതലായവ സമിതി നേരിട്ടു കണ്ടു മനസ്സിലാക്കി. പോലീസിന്റെയും വനം വകുപ്പിന്റെയും എക്സൈസിന്റെയും ആരോഗ്യ വകുപ്പിന്റെയും ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും പ്രവർത്തനങ്ങളെ സംബന്ധിച്ച് സമിതി ജനങ്ങളിൽ നിന്നും നേരിട്ടു വിവരങ്ങൾ ശേഖരിച്ചു. ആദിവാസി വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും അതിനുവേണ്ട പ്രാധാന്യം നല്കി പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും കോളനിയിലെ ജനങ്ങളെ സമിതി അറിയിച്ചു.

11. പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ റോഡു തന്നെയാണ് ഒന്നാമതായിട്ടുള്ളത്. സഞ്ചാരയോഗ്യമായ റോഡില്ല. ഉരുളൻ കല്ലുകൾ നിറഞ്ഞ റോഡിലൂടെയുള്ള യാത്രയാണ് നിലവിലുള്ള യാത്രാമാർഗ്ഗം. ടി റോഡുകൾ ടാർ ഉപയോഗിച്ച് സഞ്ചാരയോഗ്യമാക്കണമെന്നതാണ് നാട്ടുകാരുടെ ആവശ്യം. എന്നാൽ പ്രത്യേക വനമേഖല എന്ന നിലയിൽ പുതിയതായി (Black Top) ടാർ റോഡ് നിർമ്മിക്കുന്നതിന് അനുവാദം നല്കാൻ കഴിയില്ല എന്ന കേന്ദ്ര വനനിയമം എന്ന് വനം വകുപ്പ് വ്യക്തമാക്കി. ഈ സാഹചര്യത്തിൽ അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് കോൺക്രീറ്റ് ചെയ്യുമ്പോൾ വളരെ കുറച്ചുദൂരം മാത്രമേ സഞ്ചാരയോഗ്യമാക്കാൻ പറ്റുകയുള്ളൂ.

12. വീടു നിർമ്മിക്കുന്നതിനുള്ള മണൽ എടുക്കുന്നതിന് സാധിക്കുമെങ്കിലും അത് വാഹനത്തിൽ കൊണ്ടുപോകുന്നതിന് വനപാലകർ സമ്മതിക്കുന്നില്ലെന്നതാണ് പ്രധാന വിഷയം. മണൽ തലചുമടായി കൊണ്ടുപോകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകാരണം വീടു നിർമ്മാണം മിക്കതും മുടങ്ങിക്കിടക്കുന്ന അവസ്ഥയിലാണ്.

13. കിഴുകാനത്ത് ഒരു റേഷൻ കടയുള്ളതു മാത്രമാണ് ഈ മേഖലയിലുള്ള റേഷൻ വിതരണകേന്ദ്രം. ആദിവാസികളിൽ ഭൂരിപക്ഷംപേർക്കും ലഭിച്ചിരിക്കുന്നത് എ.പി.എൽ. കാർഡുകളാണ്. ആയത് പുനഃപരിശോധിച്ച് ബി.പി.എൽ. കാർഡുകൾ വിതരണം ചെയ്യേണ്ടതാണ്. നിലവിൽ വീടു നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ദൂരെ നിന്നും വീടുനിർമ്മാണ സാമഗ്രികൾ ജീപ്പിൽ എത്തിക്കുന്ന തിനു തന്നെ സർക്കാർ അനുവദിച്ചിരിക്കുന്ന തുകയിൽ പകുതിയോളം വണ്ടിക്കൂലി യായി മാറുന്നു. ശേഷിക്കുന്ന തുകകൊണ്ട് വീടു നിർമ്മാണം പൂർത്തിയാക്കാൻ കഴിയുകയില്ല. ആയതിനാൽ വീടു നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിച്ചു കിട്ടണമെന്നതാണ് കോളനിവാസികളുടെ ആവശ്യം.

**മേമാരി കോളനി**

14. മേമാരിയിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമായിരുന്നില്ല. മിക്കയിടത്തും റോഡിനുപകരം വെള്ളം ഒലിച്ചു പോകുന്ന ഓടകൾ ആണുള്ളത്. ജീപ്പിലൂടെയുള്ള യാത്ര വളരെ ക്ലേശകരമാണ്. അടിയന്തരമായി റോഡു നന്നാക്കി സഞ്ചാര യോഗ്യമാക്കേണ്ടതുണ്ട്. കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. ചികിത്സാ സൗകര്യം ഉള്ളത് ഉപ്പുതറയിലാണ്. വന്യജീവികളിൽ നിന്നുള്ള ശല്യം വളരെയേറെ ഉണ്ടെന്നും വ്യക്തമായി. കൃഷിവിളകൾ കാട്ടുപന്നികളും മറ്റും നശിപ്പിക്കുന്നതു പതിവാണ്. ആയതിന് നിലവിൽ ഫെൻസിംഗ് സംവിധാനം ഉണ്ടെങ്കിലും ആയതു ഫലപ്രദമല്ല. അതിനാൽ ട്രെഞ്ച് കുഴിച്ചു കിട്ടണമെന്നതാണ് ടി കോളനിക്കാരുടെ ആവശ്യം. നന്നായി കൃഷി ചെയ്യാൻ കഴിയുന്ന ഭൂമിയാണെങ്കിലും വെള്ളം ലഭ്യമല്ല. ഈ ആവശ്യത്തിന് ഒരു കുളം നിർമ്മിച്ചു മോട്ടോർ ഉപയോഗിച്ചു വെള്ളം പമ്പ് ചെയ്ത് എടുക്കുന്നതിനുള്ള സംവിധാനം വേണമെന്നും കോളനിക്കാർ ആവശ്യപ്പെട്ടു. ശുദ്ധജലക്ഷാമം രൂക്ഷമാണ്. വീടു നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് വണ്ടിക്കൂലി ഇനത്തിൽ വൻതുക ചെലവാകുന്നു. അതുകൊണ്ട് ഇവിടെയുള്ളവർക്കും വീടു നിർമ്മാണത്തിന് വർദ്ധിപ്പിച്ച തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു സമ്പൂർണ്ണ കൃഷി വികസന പദ്ധതി നടപ്പാക്കുന്നതു കൂടാതെ ഒരു കാലിവളർത്തൽ കേന്ദ്രം കൂടി സ്ഥാപിക്കണമെന്നും ആവശ്യമുയർന്നു. നിലവിലുള്ള ഏകാദ്ധ്യാപക വിദ്യാലയം ഒരു യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണ മെന്നാവശ്യമുയർന്നു. സദാസമയവും കാട്ടാനകൾ കടന്നുപോകുന്ന ഭാഗങ്ങളിൽ കൂടി വേണം മേമാരി എന്ന ആദിവാസി കോളനിയിൽ എത്തിച്ചേരേണ്ടത്. ടി കോളനിയി ലേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കി മാറ്റുന്നതിന് ഏകദേശം 4 കോടിയോളം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ മേഖലയിലെ താമസക്കാർക്കു വനാവകാശരേഖ നല്കുവാനുണ്ട്. മേമാരിയിലെ താമസക്കാരനായ ശ്രീ. നാഗേന്ദ്രൻ തന്റെ കൈവശഭൂമി വനപാലകർ ജണ്ടകെട്ടി കൈവശപ്പെടുത്തി എന്ന പരാതി ഉന്നയിച്ചു. ആയതു തിരികെ കിട്ടണമെന്ന ആവശ്യത്തിന് ശ്രീ. നാഗേന്ദ്രന്റെ കൈവശം നിലവിലുള്ള 9 ഏക്കർ ഭൂമിക്കു വനാവകാശരേഖ നല്കാവുന്നതും ജണ്ട കെട്ടി വനംവകുപ്പ് തിരിച്ചെടുത്ത ഭൂമി കോടതിയിൽ നിന്നും ഉത്തരവു ലഭിക്കുകയാണെങ്കിൽ ടി ഭൂമിക്കും വനാവകാശരേഖ നല്കാവുന്നതു മാണെന്ന് വനം വകുപ്പുദ്യോഗസ്ഥർ അറിയിച്ചു.

**കണ്ണമ്പടി ട്രൈബൽ കോളനി**

15. കണ്ണമ്പടിയിൽ എത്തി നിലവിലുള്ള ഹൈസ്കൂൾ മുറ്റത്ത് യോഗം ചേർന്ന് പ്രസ്തുത പ്രദേശത്തെ പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് സമിതി വിശദ വിവരങ്ങൾ ശേഖരിച്ചു. ടി വനമേഖലയിലെ ഏക വിദ്യാഭ്യാസ സ്ഥാപനമാണ് കണ്ണമ്പടിയിലുള്ള സർക്കാർ ഹൈസ്കൂൾ. ടി സ്കൂളിനെ ഒരു ഹയർ സെക്കന്ററി സ്കൂളാക്കി ഉയർത്തി ഹോസ്റ്റൽ സൗകര്യം നല്കി അദ്ധ്യാപകർക്ക് കൂടി താമസിക്കുന്നതിനുള്ള സൗകര്യം കൂടി ലഭ്യമാക്കിയാൽ ഈ പ്രദേശങ്ങളിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ കഴിയും. നിലവിൽ വേനൽക്കാലമായാൽ കുടിവെള്ളം ലഭ്യമല്ല. ആകെയുള്ളത് ഒരു കിണർ മാത്രമാണ്. ഗതാഗത സൗകര്യം തീരെ അപര്യാപ്തമാണ്. നിലവിൽ ജീപ്പുകൾ മാത്രമേ ടി സ്കൂൾ പരിസരത്തുവരെ എത്തുകയുള്ളൂ. കാട്ടുമൃഗങ്ങൾ കൃഷിസ്ഥലങ്ങളിൽ വളരെയേറെ നാശനഷ്ടം വരുത്തുന്നതിനാൽ ആയതിന് ഒരു പരിഹാരം കാണണമെന്ന് സമിതി വിലയിരുത്തി. ഈ പ്രദേശത്തെയും ജനങ്ങൾക്ക് വാസയോഗ്യമായ വീടുകൾ എല്ലാവർക്കും ലഭിച്ചിട്ടില്ല. അതേപോലെ തന്നെ എല്ലാവർക്കും വനാവകാശരേഖയും ലഭിച്ചിട്ടില്ല.

16. സമിതി സന്ദർശിച്ച എല്ലാ കോളനികളിലും സമാനമായ സ്വഭാവമാണ് നിലനിൽക്കുന്നത്. അവരുടെ ആവശ്യങ്ങളും ഏറെക്കുറെ സമാനമാണ്. സമിതിയുടെ പ്രസ്തുത സന്ദർശനത്തിൽ ബോദ്ധ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ശുപാർശകൾ ചെയ്യുന്നു:

17. വന്യമൃഗസംരക്ഷണ കേന്ദ്രമായ ഈ വനപ്രദേശത്തെ എല്ലാ കോളനികളിലേക്കും ഉള്ള യാത്രാമാർഗ്ഗം ഉപ്പുതറയിൽ നിന്നും ആരംഭിക്കുന്നതും വളകോട് കോതപാറ വഴി വനത്തിനുള്ളിലേക്കു കടക്കുന്നതും അങ്ങകലെ മേമാരി എന്ന ആദിവാസി കോളനിയിൽ അവസാനിക്കുന്നതുമായ റോഡാണ്. ടി റോഡിന്റെ വനമേഖലയിലേക്കു കടക്കുന്ന ഭാഗം മുതൽ ഉരുളൻപാറകൾ നിറഞ്ഞതും ടാറിംഗ് ഇളകി ആകെ താറുമാറായി കിടക്കുകയുമാണ്. ആയതിനാൽ ടി റോഡിന്റെ നിർമ്മാണം ടാറിംഗിനു പകരം കോൺക്രീറ്റ് ഉപയോഗിച്ചു ശക്തിപ്പെടുത്തുവാൻ കഴിയുന്നതാണ്. ആയതിലേക്കായി ടി കോളനികളിലേക്കുള്ള പ്രധാന റോഡിന്റെ കിഴുകാനം മുതൽ മുല്ലവരെയും കിഴുകാനം മുതൽ കണ്ണമ്പടി വഴി മേമാരി വരെയുമുള്ള റോഡിന്റെ അറ്റകുറ്റപ്പണി യഥാസമയം നടത്തി സഞ്ചാരയോഗ്യമാക്കണമെന്നും അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ടി റോഡ് കോൺക്രീറ്റ് ചെയ്തു സഞ്ചാരയോഗ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. കൂടാതെ ടി കോളനി സമുച്ചയത്തിലുള്ള പുന്നപാറ, തേക്കുതോട്ടം എന്നിവിടങ്ങളിലേക്കുള്ള റോഡും, മുല്ലയിൽ നിന്നും വാക്കത്തിയിലേക്കും കത്തിതേപ്പൻ എന്നീ കോളനികളിലേക്കുമുള്ള റോഡുകളും കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

19. മലമടക്കുകളിലും ചരിവുകളിലുമായി ചിതറിക്കിടക്കുന്ന കോളനികളിൽ വേനൽക്കാലമായാൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. ടി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേനൽക്കാലത്തും വറ്റാത്ത ജലസ്രോതസ്സ് ഉള്ളത് സംരക്ഷിച്ച് അതിൽ നിന്നും ആവശ്യമായ ജലവിതരണ സംവിധാനം ഒരുക്കി കോളനികളിൽ ശുദ്ധജലവിതരണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. കോളനികളിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തുന്നതിനും ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ഗവൺമെന്റിലേക്കു സമർപ്പിക്കുന്നതിനും ആദിവാസി വിഭാഗത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും ഊരുകൂട്ടം വിളിച്ചുചേർക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തി. അതിനാൽ വർഷത്തിൽ നാലു പ്രാവശ്യമെങ്കിലും ഓരോ കോളനിയിലും വനം വകുപ്പും ട്രൈബൽ വകുപ്പും സംയുക്തമായി ഊരുകൂട്ടം വിളിക്കണമെന്നും വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി അതതു സാമ്പത്തിക വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി അനന്തര നടപടികൾക്കായി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. കോളനികളിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലും വീടുകളിലും വൈദ്യുതി എത്തിക്കാനുള്ള തടസ്സങ്ങൾ നീക്കണമെന്നും ആർ.ജി.ജി.വൈ. പദ്ധതിയിലുൾപ്പെടുത്തി കോളനികൾ വൈദ്യുതീകരിക്കണമെന്നും വനമേഖലയിലൂടെ വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് തടസ്സമുള്ളപക്ഷം സോളാർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ഊർജ്ജ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

22. കൈവശഭൂമിക്ക് വനാവകാശരേഖ നല്കാനുള്ള കുടുംബങ്ങൾക്ക് വനാവകാശ രേഖ നല്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി വനം വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

23. നിലവിൽ ഈ മേഖലയിലെ കുടുംബങ്ങളിൽ ഭൂരിഭാഗം പേർക്കും എ.പി.എൽ. കാർഡാണു നല്കിയിട്ടുള്ളതെന്നും സമിതിക്കു ബോധ്യമായി. പാവങ്ങളും ഒരു നിശ്ചിത വരുമാനവുമില്ലാത്തവരുമായ ആദിവാസികൾക്കു നല്കിയിരിക്കുന്ന എ.പി.എൽ. കാർഡുകൾ പരിശോധിച്ച് അത് ബി.പി.എൽ. കാർഡാക്കി നല്കുന്നതിന് ആവശ്യമായ നടപടി എത്രയും വേഗം ഉണ്ടാകണമെന്ന് സമിതി ഭക്ഷ്യ/ സിവിൽ സപ്ലൈസ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

24. കണ്ണമ്പടിയിൽ നിലവിലുള്ള ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂൾ ഹയർ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കണ്ണമ്പടിയിലെ സ്കൂളിനോടനുബന്ധിച്ച ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതുകാരണം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വളരെയേറെ കഷ്ടപ്പാടുകൾ സഹിക്കേണ്ടതായി വരുന്നു. ഒരു ഹോസ്റ്റൽ ലഭ്യമായാൽ ഇടയ്ക്കു വെച്ച് പഠനം മതിയാക്കി കൊഴിഞ്ഞുപോകുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയുന്നതാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ കണ്ണമ്പടി ഗവൺമെന്റ് ഹൈസ്കൂളിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പട്ടികജാതി-പട്ടികവർഗ്ഗ, പൊതുവിദ്യാഭ്യാസ വകുപ്പുകൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. പട്ടികവർഗ്ഗക്കാരായ ആദിവാസികളുടെ കൃഷിഭൂമി സംരക്ഷിക്കുന്നതിനുള്ള ഇലക്ട്രിക് ഫെൻസിംഗ് പലപ്പോഴും ഫലപ്രദമാവാറില്ലെന്നു സമിതി മനസ്സിലാക്കി. ആയതിനാൽ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ടി വിഭാഗത്തിന്റെ കൃഷിയിടത്തിനും താമസസ്ഥലത്തിനും ചുറ്റും ട്രെഞ്ച് നിർമ്മിക്കുന്നത് ഫലപ്രദമാണോയെന്ന് പരിശോധിക്കണമെന്നും, ഉപയോഗപ്രദമെങ്കിൽ അവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. കോളനികളിലെ വീടുകളിൽ മദ്യം ഉൽപ്പാദിപ്പിക്കുന്നതിനും അമിത മദ്യപാനംമൂലം രോഗങ്ങൾക്കടിമപ്പെടുന്നത് തടയുന്നതിനും ഒരു കൂട്ടായ്മ ഉയർന്നു വരണമെന്നും വ്യാപകമായ ബോധവല്ക്കരണ പരിപാടികൾ ആരോഗ്യവകുപ്പും ട്രൈബൽ വകുപ്പും സംയുക്തമായി ആവിഷ്ക്കരിക്കണമെന്നും, ആരോഗ്യം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ ആത്മാർത്ഥമായ ഇടപെടലും, പ്രതിരോധവും, ബോധവല്ക്കരണവും കൊണ്ടുമാത്രമേ മദ്യപാനംമൂലം ഇവിടത്തെ ജനങ്ങളിൽ നല്ലൊരു ശതമാനം നേരിടുന്ന കരൾ രോഗം, സാമ്പത്തിക പരാധീനത, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയൂ എന്നും സമിതി വിശ്വസിക്കുന്നു. ഇവ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടികൾ അടിയന്തരമായി നടപ്പിലാക്കുവാൻ ആരോഗ്യ കുടുംബക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളോട് സമിതി ശുപാർശ ചെയ്യുന്നു.

27. മേമാരി കോളനിയിൽ വർഷംമുഴുവൻ വെള്ളം കിട്ടാൻ സാദ്ധ്യതയുള്ളതിനാൽ എല്ലാ കൃഷിക്കും അനുയോജ്യമായ ഈ പ്രദേശത്ത് ഒരു സമ്പൂർണ്ണ കൃഷി വികസന പദ്ധതി കൃഷി വകുപ്പ് ആവിഷ്ക്കരിക്കണമെന്നും കാലിവളർത്തലിനായി ഒരു കാലിവളർത്തൽ കേന്ദ്രം സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

28. പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും 1.25 ലക്ഷം രൂപ മാത്രമേ നൽകുന്നുള്ളൂവെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. അത് 2.5 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. വീട് നിർമ്മിക്കുന്നതിന് ആവശ്യമുള്ളവരിൽ നിന്നും അപേക്ഷ വാങ്ങി സൈറ്റ് വെരിഫൈ ചെയ്ത് വീടു പണിക്കാണെന്ന് ഉറപ്പു വരുത്തിയാൽ അവർക്ക് മണൽ വാരുന്നതിനുള്ള അനുമതി നൽകണമെന്ന് സമിതി വനം-വന്യജീവി വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

30. മേമാരി കോളനിയിലെ ആദിവാസികൾക്ക് റേഷൻ വാങ്ങുന്നതിനായി വളരെദൂരം യാത്ര ചെയ്യേണ്ടതായി വരുന്നുവെന്ന് സമിതി മനസ്സിലാക്കി. അതിനാൽ കോളനിയിൽ ഒരു റേഷൻകട സ്ഥാപിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. പട്ടികവർഗ്ഗ വിഭാഗക്കാർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന സംസ്ഥാനത്തെ രണ്ടാമത്തെ ജില്ലയായ ഇടുക്കി സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയതിന്റെയും കോളനികൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളിന്മേലുള്ള സർക്കാർ നിലപാട് അറിയുന്നതിനു വേണ്ടി ബന്ധപ്പെട്ട വകുപ്പുകൾക്ക് 14-4-2012-ൽ സമിതിയുടെ നിഗമനങ്ങൾ അറിയിച്ചുകൊണ്ടും, നിഗമനങ്ങളിന്മേലുള്ള അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്ത് അയച്ചിരുന്നു. ആയതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്ന് 7-8-2012-ൽ 23150/എഫ്.ഡബ്ല്യൂ2/12/ആ.കു.വ. നമ്പരായി ലഭ്യമായ റിപ്പോർട്ടും ഇടുക്കി ജില്ലയിലെ കണ്ണമ്പടി ആദിവാസി മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കായി തദ്ദേശവാസികൾ സമർപ്പിച്ച ഹർജിയിന്മേൽ വനം-വന്യജീവി വകുപ്പിന്റെ 5-1-2013-ലെ 16353/സി3/2009/വനം നമ്പരായി ലഭ്യമായ റിപ്പോർട്ടും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 16-11-2010-ലെ 48424/എം2/2009/ആ.കു.വ. നമ്പരായി ലഭ്യമായ റിപ്പോർട്ടും അനുബന്ധം II ആയി ചേർക്കുന്നു.

32. മറ്റുള്ള വകുപ്പുകളിൽ നിന്ന്, പൊതുവിദ്യാഭ്യാസം ഒഴികെ 14-4-2012-ലെ കത്ത് കിട്ടിയതായി പോലും സമിതിയെ അറിയിച്ചിട്ടില്ലെന്ന വിവരം സമിതി ഗൗരവമായി കാണുന്നു. സമിതിയുടെ നിഗമനങ്ങളിന്മേലുള്ള ഗവൺമെന്റിന്റെ അഭിപ്രായം അറിയിക്കാത്തതിനാൽ അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം സമിതിയുടെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എത്രയുംവേഗം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. സമിതിയുടെ ശുപാർശകളും അവയിൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കേണ്ട വകുപ്പുകളുടെ വിശദവിവരവും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2013 ഫെബ്രുവരി 18.

## അനുബന്ധം I

## സമിതിയുടെ ശുപാർശകൾ/നിർദ്ദേശങ്ങൾ

| *ശുപാർശ നമ്പർ* | *ശുപാർശ* | *ബന്ധപ്പെട്ട വകുപ്പ്* | *ഖണ്ഡിക* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കോളനികളിലേക്കുള്ള പ്രധാന റോഡിന്റെ കിഴുകാനം മുതൽ മുല്ലവരെയും കിഴുകാനം മുതൽ കണ്ണമ്പടി വഴി മേമാരി വരെയുമുള്ള റോഡിന്റെ അറ്റകുറ്റപ്പണി യഥാസമയം നടത്തി സഞ്ചാരയോഗ്യമാക്കണമെന്നും അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ടി റോഡ് കോൺക്രീറ്റ് ചെയ്തു സഞ്ചാരയോഗ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | വനം | 17 |
| 2 | കോളനി സമുച്ചയത്തിലുള്ള പുന്നപാറ, തേക്കുതോട്ടം എന്നിവിടങ്ങളിലേക്കുള്ള റോഡും മുല്ലയിൽ നിന്നും വാക്കത്തിയിലേക്കും കത്തിതേപ്പൻ എന്നീ കോളനികളിലേക്കുമുള്ള റോഡുകളും കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | വനം | 18 |
| 3 | വേനൽകാലത്തും വറ്റാത്ത ജലസ്രോതസ്സ് ഉള്ളത് സംരക്ഷിച്ച് അതിൽ നിന്നും ആവശ്യമായ ജലവിതരണ സംവിധാനം ഒരുക്കി കോളനികളിൽ ശുദ്ധജലവിതരണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | ജലസേചനം | 19 |
| 4 | വർഷത്തിൽ നാലുപ്രാവശ്യമെങ്കിലും ഓരോ കോളനിയിലും വനം വകുപ്പും ട്രൈബൽ വകുപ്പും സംയുക്തമായി ഊരുകൂട്ടം വിളിക്കണമെന്നും വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി അതാതു സാമ്പത്തിക വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി അനന്തരനടപടികൾക്കായി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | SC/ST, Forest | 20 |
| 5 | കോളനികളിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലും വീടുകളിലും വൈദ്യുതി എത്തിക്കാനുള്ള തടസ്സങ്ങൾ നീക്കണമെന്നും ആർ.ജി.ജി.വൈ. പദ്ധതിയിലുൾപ്പെടുത്തി കോളനികൾ | Power | 21 |

| (1) | (2) | (3) | (4) |
|---|---|---|---|
| | വൈദ്യുതീകരിക്കണമെന്നും വനമേഖലയിലൂടെ വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് തടസ്സമുളളപക്ഷം സോളാർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ഊർജ്ജ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. | | |
| 6 | കൈവശഭൂമിക്ക് വനാവകാശരേഖ നൽകാനുള്ള കുടുംബങ്ങൾക്ക് വനാവകാശരേഖ നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി വനം വകുപ്പിനോട് ശുപാർശ ചെയ്യുന്നു. | Forest | 22 |
| 7 | ആദിവാസികൾക്കു നൽകിയിരിക്കുന്ന എ.പി.എൽ. കാർഡുകൾ പരിശോധിച്ച് അത് ബി.പി.എൽ. കാർഡാക്കി നൽകുന്നതിന് ആവശ്യമായ നടപടി എത്രയും വേഗം ഉണ്ടാകണമെന്ന് സമിതി ഭക്ഷ്യ/സിവിൽ സപ്ലൈസ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു. | ഭക്ഷ്യ പൊതു വിതരണം | 23 |
| 8 | കണ്ണമ്പടി ഗവൺമെന്റ് ഹൈസ്കൂളിനോട് അനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പട്ടികജാതി-പട്ടികവർഗ്ഗ, പൊതുവിദ്യാഭ്യാസ വകുപ്പുകൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | SC/ST, Gen.Edn. | 24 |
| 9 | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി വിഭാഗത്തിന്റെ കൃഷിയിടത്തിനും താമസ സ്ഥലത്തിനും ചുറ്റും ട്രെഞ്ച് നിർമ്മിക്കുന്നത് ഫലപ്രദമാണോയെന്ന് പരിശോധിക്കണമെന്നും, ഉപയോഗപ്രദമെങ്കിൽ അവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | വനം | 25 |
| 10 | കോളനികളിലെ വീടുകളിൽ മദ്യം ഉല്പാദിപ്പിക്കുന്നതിനും അമിതമദ്യപാനംമൂലം രോഗങ്ങൾക്ക് അടിമപ്പെടുന്നത് തടയുന്നതിനും ഒരു കൂട്ടായ്മ ഉയർന്നുവരണമെന്നും വ്യാപകമായ ബോധവത്കരണ പരിപാടികൾ ആരോഗ്യവകുപ്പും ട്രൈബൽ വകുപ്പും സംയുക്തമായി ആവിഷ്കരിക്കണമെന്നും ആരോഗ്യം, പോലീസ്, എക്സൈസ് | SC ST, H and F.W., Police, Excise | 26 |

| (1) | (2) | (3) | (4) |
|---|---|---|---|
| | എന്നീ വകുപ്പുകളുടെ ആത്മാർത്ഥമായ ഇടപെടലും പ്രതിരോധവും ബോധവത്ക്കരണവും കൊണ്ടുമാത്രമേ മദ്യപാനംമൂലം ഇവിടത്തെ ജനങ്ങളിൽ നല്ലൊരു ശതമാനം നേരിടുന്ന കരൾ രോഗം, സാമ്പത്തിക പരാധീനത, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയൂ എന്നും സമിതി വിശ്വസിക്കുന്നു. ഇവ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനപരിപാടികൾ അടിയന്തരമായി നടപ്പിലാക്കുവാൻ ആരോഗ്യകുടുംബക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളോട് സമിതി ശുപാർശ ചെയ്യുന്നു. | | |
| 11 | കോളനി പ്രദേശത്ത് ഒരു സമ്പൂർണ്ണ കൃഷി വികസന പദ്ധതി കൃഷിവകുപ്പ് ആവിഷ്കരിക്കണമെന്നും കാലിവളർത്തലിനായി ഒരു കാലി വളർത്തൽ കേന്ദ്രം സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | Agricul-ture | 27 |
| 12 | പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും 1.25 ലക്ഷം രൂപ മാത്രമേ നൽകുന്നുള്ളൂവെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. അത് 2.5 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | SC/ST | 28 |
| 13 | സൈറ്റ് വെരിഫൈ ചെയ്ത് വീടുപണിക്കാണെന്ന് ഉറപ്പുവരുത്തിയാൽ അവർക്ക് മണൽ വാരുന്നതിനുള്ള അനുമതി നൽകണമെന്ന് സമിതി വനം-വന്യജീവി വകുപ്പിനോട് ശുപാർശ ചെയ്യുന്നു. | Forest | 29 |
| 14 | മേമാരി കോളനിയിൽ ഒരു റേഷൻകട സ്ഥാപിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | Civil Supplies | 30 |